IVO-5/48/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

വി.സി.അബ്ദുൾ ലത്തീഫ്
നസ്ലാസ്
പാതിരിയാട്, മൈലുള്ളി-670741

സർ,

വിഷയം - ഇരിട്ടി നഗരസഭയിൽ നിന്നും കെട്ടിടം ക്രമവൽകരിച്ച് നമ്പർ അനുവദിക്കാത്തത് - - സംബന്ധിച്ച്.

സൂചനഃ പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ - 2353

.................................

കീഴൂർ വില്ലേജിൽ റി.സർവ്വെ നം.125/136ൽ പ്പെട്ട 0.0182ഹെക്ടർ സ്ഥലത്ത് ഗ്രൗണ്ട് ഫ്ളോർ 92.94 m, first floor 118.62 m , ആകെ 211.56 m തറ വിസ്തീർണ്ണത്തിൽ കമേഴ്ഷ്യൽ കെട്ടിടം നിർമ്മിച്ച് ക്രമവൽകരണ അപേക്ഷ സമർപ്പിച്ച് നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി.

സ്ഥിര അദാലത്ത് ഉപസമിതി അംഗങ്ങൾ, ഇരിട്ടി നഗരസഭാ ഓവർസിയർ താങ്കളുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തി . ഇരിട്ടി നഗരസഭയിൽ കെട്ടിടം ക്രമവൽകരിക്കുന്നതിനായി ബിഎ/810എ/18-19 നമ്പറായി താങ്കൾ സമർപ്പിച്ച അപേക്ഷയിൽ നഗരസഭാ സെക്രട്ടറി 16/09/2019 ന്

1. നിലവിൽ നിർമ്മാണം നടത്തിയത് പ്രകാരം കൃത്യമായ പ്ലാൻ സമർപ്പിക്കുക.
2. ഫസ്റ്റ് ഫ്ളോർ വെതർഷെയിഡ് അളവ് കൃത്യമായി രേഖപ്പെടുത്തുക.
3. പോർച്ച് രേഖപ്പെടുത്തിയ സ്ഥലത്ത് വാൾ നിർമ്മാണം നടത്തിയിട്ടുണ്ട്. ആയത് പ്ലാനിൽ രേഖപ്പെടുത്തുക.
4. ഫസ്റ്റ്ഫ്ളോർ പേസേജ് ഉൾപ്പെടുത്തി ആയതിന്റെ സെറ്റ്ബാക്ക് രേഖപ്പെടുത്തുക.
5. RWAY, septic tank എന്നിവ നിർമ്മാണം നടത്തിയതായി കാണുന്നില്ല. ആയത് സൈറ്റിൽ നിർമ്മാണം നടത്തിയ പ്രകാരം സമർപ്പിക്കുക.
6. ഏരിയ കാൽകുലേഷൻ ഷീറ്റ് സമർപ്പിക്കുക.
7. പ്ലോട്ട് അതിർത്തി വ്യക്തമല്ലാത്തതിനാൽ സർവ്വെ സ്കെച്ച് ഹാജരാക്കിയിട്ടില്ല.

എന്നീ ന്യൂനതകൾ രേഖപ്പെടുത്തി നോട്ടീസ് അയച്ചിരുന്നു. ആയത് പരിഹരിച്ച് അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും നഗരസഭ ഓവർസിയർ അറിയിച്ചിട്ടുണ്ട്. സൂചന നോട്ടീസിലുള്ള ന്യൂനതകൾ പരിഹരിച്ച് ക്രമവൽകരണ അപേക്ഷ നഗരസഭയിൽ സമർപ്പിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
29/01/2024